## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 733** **05-10-2021 - ൽ മറുപടിയ്ക്ക്**

## സഹകരണ സംഘങ്ങളിൽ നിന്നെടുക്കുന്ന വായ്പകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണസംഘങ്ങളിൽ നിന്ന് വായ്പ എടുത്ത് തിരിച്ചടയ്ക്കാതെ സംഘങ്ങൾക്ക് സാമ്പത്തിക നഷ്ടം വരുത്തിയവർക്കോ വ്യക്തിപരമായി കുടിശ്ശിക വരുത്തിയവർക്കോ അർബൻ സഹകരണ ബാങ്കുകളുടെ ഭരണസമിതിയംഗമാകാൻ കഴിയില്ലെന്ന നിർദ്ദേശം/ഉത്തരവ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ 2020-ൽ ഭേദഗതി വരുത്തുകയും ടി ഭേദഗതി 26.09.2020 മുതൽ അർബൻ സഹകരണ ബാങ്കുകൾക്ക് ബാധകമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സഹകരണസംഘം നിയമമാവലിയിൽ മേൽ വിഷയങ്ങൾ പ്രതിപാദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് ഇക്കാര്യങ്ങൾ സൂചിപ്പിച്ചിട്ടുള്ളത്; ആയതിന്റെ രേഖാമൂലമുള്ള പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) | 1969-ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 44(1) (c) -ൽ ഏതെങ്കിലും സഹകരണ സംഘത്തിൽ നിന്നും സ്വന്തമായി വായ്പ എടുത്ത ഇനത്തിലോ, ജാമ്യം നിന്ന നിലയിലോ സംഘത്തിന്റെ ബൈലോയിൽ പറഞ്ഞിട്ടുള്ള കാലയളവോ, അപ്രകാരമല്ലാത്ത കേസുകളിൽ മൂന്നു മാസത്തിൽ കൂടുതലായ കുടിശ്ശിക വരുത്തുകയോ ചെയ്ത വ്യക്തിയാണെങ്കിലും അല്ലെങ്കിൽ ആ സംഘത്തിലോ മറ്റേതെങ്കിലും സംഘത്തിലോ കുടിശ്ശിക വരുത്തിയ വ്യക്തിയാണെങ്കിലും വകുപ്പ് 28 അനുസരിച്ച് സംഘത്തിന്റെ ഭരണസമിതി അംഗമായി നിയമിതനാകാനോ തിരഞ്ഞെടുക്കപ്പെടാനോ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 44 വ്യവസ്ഥയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ചാരിറ്റബിൾ സംഘങ്ങളുടെ പേരിൽ സഹകരണ സംഘങ്ങളിൽ നിന്നും എടുക്കുന്ന വായ്പകൾ പൂർണ്ണമായും എഴുതിതള്ളുന്നത് നിയമപരമാണോ ; ഇങ്ങനെ എഴുതിതള്ളുന്നത് കൊണ്ട് സംഘത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് വായ്പ കൈപ്പറ്റിയ ചാരിറ്റബിൾ സംഘങ്ങളുടെ ഭരണസമിതി അംഗങ്ങൾ നിയമപരമായി ഉത്തരവാദികളാകുമോ; വ്യക്തമാക്കാമോ; | (സി) | സഹകരണ സംഘങ്ങളിൽ നിന്നും എടുക്കുന്ന വായ്പകളിൽ തുക ഈടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സംഘങ്ങൾക്ക് വായ്പ എഴുതി തള്ളാവുന്നതാണ്. ഇപ്രകാരം വായ്പ എഴുതി തള്ളാനുണ്ടായ സാഹചര്യം വിശദമായി പരിശോധിച്ചാൽ മാത്രമേ ചാരിറ്റബിൾ സംഘങ്ങളുടെ ഭരണസമിതി അംഗങ്ങൾ ഉത്തരവാദികളാകുമോ എന്ന് പറയാൻ കഴിയുകയുള്ളൂ. |
| | | | |

| | | | |
|---|---|---|---|
| (ഡി) | വായ്പ എഴുതി തള്ളുന്നതിന് സഹകരണസംഘം ഭരണസമിതി എടുക്കുന്ന തീരുമാനങ്ങൾക്ക് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെയും ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാറുടെയും അനുമതി ആവശ്യമാണോയെന്നും വായ്പ എഴുതി തള്ളുന്ന വിവരം സഹകരണ വകുപ്പിൽ അറിയിക്കേണ്ടതുണ്ടോയെന്നും വിശദമാക്കാമോ; സഹകരണ നിയമങ്ങളിലെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് ഇക്കാര്യങ്ങൾ ചെയ്യേണ്ടതെന്നും അറിയിക്കാമോ; | (ഡി) | സഹകരണ സംഘങ്ങളിലെ കാർഷിക കാർഷികേതര കടങ്ങൾ എഴുതി തള്ളുന്നതിന് സർക്കാരിനോ രജിസ്ട്രാർക്കോ അല്ലാതെ മറ്റ് അധികാര സ്ഥാപനത്തിനോ കമ്മീഷനോ അധികാരമില്ലാത്തതാണെന്ന് സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74F ൽ പ്രതിപാദിക്കുന്നുണ്ട്. കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം പിരിഞ്ഞുകിട്ടാൻ സാദ്ധ്യതയില്ലെന്ന് ബോദ്ധ്യമായ വായ്പയും അവയുടെ പലിശയും 63-ം വകുപ്പ് പ്രകാരം നിയമിതനായ ആഡിറ്ററുടെ ക്രമപ്രകാരമുള്ള സാക്ഷ്യപ്പെടുത്തലോടും, പൊതുയോഗത്തിന്റെ അംഗീകാരവും രജിസ്ട്രാറുടെ അനുവാദത്തോടെയും എഴുതിതള്ളാവുന്നതാണ്. ബന്ധപ്പെട്ട സംഘം, ധനസഹായ ബാങ്കിൽ നിന്നും കടം വാങ്ങിയിട്ടുണ്ടെങ്കിൽ അപ്രകാരം എഴുതി തള്ളുന്നതിനുള്ള അംഗീകാരം നൽകുന്നതിനു മുൻപ് ധനസഹായ ബാങ്കിന്റെ അഭിപ്രായം വാങ്ങിയിരിക്കേണ്ടതാണ്. മേൽപ്രകാരം വായ്പ എഴുതി തള്ളുന്നതിനുള്ള സംഘം ഭരണസമിതി തീരുമാനം, ആവശ്യമായ അനുബന്ധങ്ങൾ എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസ് മുഖാന്തിരം ജില്ലാ ജോയിന്റ് രജിസ്ട്രാർക്കോ സഹകരണ സംഘം രജിസ്ട്രാർക്കോ അനുമതിയ്ക്കായി സമർപ്പിക്കേണ്ടതാണ്. |
| (ഇ) | സഹകരണസംഘങ്ങളിലെ വായ്പകൾ എഴുതി തള്ളുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ? | (ഇ) | കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം പിരിഞ്ഞുകിട്ടാൻ സാദ്ധ്യതയില്ലെന്ന് ബോദ്ധ്യമായ വായ്പയും അവയുടെ പലിശയും 63-ം വകുപ്പ് പ്രകാരം നിയമിതനായ ആഡിറ്ററുടെ ക്രമപ്രകാരമുള്ള സാക്ഷ്യപ്പെടുത്തലോടും, പൊതുയോഗത്തിന്റെ അംഗീകാരവും രജിസ്ട്രാറുടെ അനുവാദത്തോടെയും എഴുതിതള്ളാവുന്നതാണ്. ആയതിനുള്ള സംഘം ഭരണസമിതി തീരുമാനം, കൈക്കൊണ്ട് ആവശ്യമായ മറ്റ് അനുബന്ധങ്ങൾ സഹിതം അപേക്ഷ ബന്ധപ്പെട്ട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസ് മുഖാന്തിരം ജില്ലാ ജോയിന്റ് രജിസ്ട്രാർക്കോ സഹകരണ സംഘം രജിസ്ട്രാർക്കോ അനുമതിയ്ക്കായി സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

44. **Disqualification of membership of committee**:- (1) No member of the society shall be eligible for being elected, or appointed as a member of the committee of the society under S.28 if he:-

(a) is disqualified under S.28; or

(b) is a near relative of a paid employee of the society: or

Provided that this clause shall not be applicable to the banks and apex institutions included in the schedule appended to the Act under sub-section (3A) of section 80 of the Act.

(c) (i) is in default to the society or to any other society in respect of any loan or loans taken by him or loan in which he had stood surety, for such period, as is prescribed in the bye-laws of the society concerned or in any case for a period exceeding three months or is a defaulter to the society or to any other society; or